എ.വൈ.ആർ

# സൂറ – 27 / അന്നംല്

## സൂക്തം: 57 – 61

ഖുർആന്റെ ആദ്യ അഭിസംബോധിതരായിരുന്ന അറേബ്യൻ ബഹുദൈവാരാധകർ തങ്ങൾ ആരാധിക്കുന്ന ദൈവങ്ങൾക്കെല്ലാം മീതെ ഒരു പരമേശ്വരനുണ്ടെന്നും അവൻ ഏകനാണെന്നും വിശ്വസിച്ചിരുന്നവരാണ്. ആ ദൈവത്തിനു താഴെ തങ്ങളുടെ ആരാധനകൾ സ്വീകരിക്കുകയും പ്രാർഥനകൾ കേൾക്കുകയും ആവശ്യങ്ങൾ നിവർത്തിച്ചുതരികയും ചെയ്യുന്ന ധാരാളം ഉപദൈവങ്ങളുണ്ട്.



فَأَنْجَيْنَاهُ وَأَهْلَهُ إِلَّا امْرَأَتَهُ قَدَّرْنَاهَا مِنَ الْغَابِرِينَ ﴿٥٧﴾

57. ഒടുവിൽ അദ്ദേഹത്തെയും കൂട്ടരെയും നാം രക്ഷിച്ചു - അദ്ദേഹത്തിന്റെ ഭാര്യയൊഴിച്ച്. അവൾ പിറകിലവശേഷിക്കാൻ വിധിക്കപ്പെട്ടവളായിരുന്നു.

وَأَمْطَرْنَا عَلَيْهِم مَّطَرًا ۖ فَسَاءَ مَطَرُ الْمُنذَرِينَ ﴿٥٨﴾

58. നാം അവർക്കുമേൽ ഒരു മഹാമാരി വർഷിച്ചു. മുന്നറിയിപ്പു ലഭിച്ചവരിൽ പെയ്തിറങ്ങിയത് അതിദുഷ്ടമായ മഴ തന്നെയായിരുന്നു.

**57,58**

فَأَنْجَيْنَاهُ = (ഒടുവിൽ) നാം അദ്ദേഹത്തെ രക്ഷിച്ചു
وَأَهْلَهُ = അദ്ദേഹത്തിന്റെ കൂട്ടരെയും
إِلَّا امْرَأَتَهُ = അദ്ദേഹത്തിന്റെ ഭാര്യയെ ഒഴിച്ച്
قَدَّرْنَاهَا = അവളെ നാം നിശ്ചയിച്ചു (അവൾ വിധിക്കപ്പെട്ടവളായിരുന്നു)
مِنَ الْغَابِرِينَ = പിറകിൽ അവശേഷി(ക്കാൻ)ക്കുന്നവരുടെ കൂട്ടത്തിൽ
وَأَمْطَرْنَا عَلَيْهِم = അവർക്കുമേൽ നാം വർഷിച്ചു
مَّطَرًا = ഒരു മഹാമാരി
فَسَاءَ = അത്യന്തം ദുഷിച്ചു (അതിദുഷ്ടം തന്നെയായിരുന്നു)
مَطَرُ الْمُنذَرِينَ = മുന്നറിയിക്കപ്പെട്ടവരുടെ മഴ (മുന്നറിയിപ്പു ലഭിച്ചവരിൽ പെയ്തിറങ്ങിയത്)

غَابِرِين-ന്റെ ആശയം *അശ്ശുഅറാഅ്* 171-ാം സൂക്തത്തിനു താഴെ വ്യക്തമാക്കിയിട്ടുണ്ട്. قَدَّرْنَاهَا مِنَ الْغَابِرِينَ എന്ന വാക്യം അവൾ രക്ഷപ്പെട്ടില്ല എന്ന ആശയത്തിനു പുറമെ തുടർന്ന് പറയുന്ന ശിലാ വർഷത്തിന് അവളെ ലക്ഷ്യമാക്കി പ്രത്യേകം പിന്നിൽ നിർത്തി എന്ന ആശയവും കൂടി ധ്വനിപ്പിക്കുന്നുണ്ട്. സത്യ പ്രവാചകന്റെ സഹധർമിണിയായിരുന്നിട്ടും അനുഭാവവും പിന്തുണയും അദ്ദേഹത്തിന്റെ ശത്രുക്കളായ ആഭാസന്മാർക്ക് നൽകിയതാണ് അതിനു കാരണം. അത്തരക്കാർ മറ്റു അവിശ്വാസികളിലേറെ ദൈവകോപത്തിനും ശിക്ഷക്കും അർഹരാകുന്നു. പ്രവാചകന്റെ പത്നിപദം അല്ലാഹു നൽകുന്ന അമൂല്യമായ അനുഗ്രഹമാണ്. ആ അനുഗ്രഹത്തോട് ചെയ്യുന്ന കൊടിയ കൃതഘ്നതയാണ് ആ വനിത പ്രവാചക സന്ദേശം നിഷേധിക്കുക എന്നത്. അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെ മഹത്വമനുസരിച്ചിരിക്കും അതിനു നന്ദികേട് കാണിച്ചതിന്റെ ശിക്ഷയുടെ കാഠിന്യം. അനുഗ്രഹത്തിന്റെ തോതനുസരിച്ചാണ് അത് ലഭിക്കുന്നവരുടെ ഉത്തരവാദിത്തത്തിന്റെ ഗൗരവം.

ലൂത്വ് നബിയെയും കൂട്ടുകാരെയും രക്ഷിക്കുകയും ശിഷ്ട ജനത്തിന്മേലൊക്കെയും ഒരു മഹാമാരി വർഷിക്കുകയും ചെയ്തു എന്നാണ് പറയുന്നത്. ഇത് ചുട്ടു പഴുത്ത കല്ലുകളാലുള്ള മഴയായിരുന്നുവെന്ന് *ഹൂദ്, അൽഹിജ്ർ* തുടങ്ങിയ സൂറകളിൽ പ്രസ്താവിച്ചിട്ടുണ്ട്. വിശദീകരണം *ഖുർആൻ ബോധനം* 11:82, 15:74 സൂക്തങ്ങൾക്കു താഴെ കാണുക. فَسَاءَ مَطَرُ الْمُنذَرِينَ എന്ന വാക്യം സൂചിപ്പിക്കുന്ന സംഗതി ഇതാണ്: അല്ലാഹു ഒരു ജനതക്ക് അവന്റെ പ്രവാചകനിലൂടെ സത്യധർമങ്ങളുടെ പാഠങ്ങൾ സുവ്യക്തമായി ഉപദേശിച്ചു കൊടുത്ത ശേഷവും ആ ജനം സത്യത്തിനും ധർമത്തിനും നേരെ അന്ധരും ബധിരരുമായി വർത്തിക്കുകയാണെങ്കിൽ അവർ കല്ലെറിഞ്ഞു കുഴിച്ചുമൂടുക എന്ന വിധിക്ക് അർഹരായിത്തീരുന്നു. ഖുറൈശികളുൾപ്പെടെ ഏതു ജനം ഈ നിലപാട് കൈക്കൊണ്ടാലും ഇതുതന്നെയായിരിക്കും ഗതി. സമൂദ് ഗോത്രത്തിന്റെ ആവാസ കേന്ദ്രങ്ങളിലൂടെ എന്നപോലെ ലൂത്വ് ജനതയുടെ പ്രദേശത്തിലൂടെയും അറബികളുടെ സാർഥവാഹക സംഘങ്ങൾ സാധാരണ കടന്നുപോകാറുണ്ടായിരുന്നു എന്നത് ഇവിടെ അനുസ്മരണീയമാകുന്നു. ■

قُلِ الْحَمْدُ لِلَّهِ وَسَلَامٌ عَلَىٰ عِبَادِهِ الَّذِينَ اصْطَفَىٰ ۗ آللَّهُ خَيْرٌ أَمَّا يُشْرِكُونَ ﴿٥٩﴾

59. പ്രവാചകൻ പറയുക: സർവ സ്തുതിയും അല്ലാഹുവിന്. അവൻ വിശിഷ്ടരായി തെരഞ്ഞെടുത്ത ദാസന്മാർക്ക് സമാധാനം. ജനങ്ങളോടു ചോദിക്കുക: സാക്ഷാൽ ദൈവം- അല്ലാഹു ആണോ ഉത്കൃഷ്ടൻ, അതോ അവർ അവന്റെ പങ്കാളികളായി സങ്കൽപിക്കുന്ന ബഹുദൈവങ്ങളോ?

**59**

قُلْ = നീ (പ്രവാചകൻ) പറയുക = الْحَمْدُ لِلَّهِ സർവ സ്തുതിയും അല്ലാഹുവിന് = وَسَلَامٌ സമാധാനം, രക്ഷ

عَلَىٰ عِبَادِهِ = അവന്റെ ദാസന്മാർക്ക് الَّذِينَ اصْطَفَىٰ = അവൻ (വിശിഷ്ടരായി) തെരഞ്ഞെടുത്തവരായ

آللَّهُ خَيْرٌ = സാക്ഷാൽ ദൈവം (അല്ലാഹു) ആണോ ഉത്കൃഷ്ടൻ

أَمَّا يُشْرِكُونَ = അതോ അവർ പങ്കുചേർക്കുന്നവരോ (അവന്റെ പങ്കാളികളായി സങ്കൽപിക്കുന്ന ബഹുദൈവങ്ങളോ)

സത്യനിഷേധവും ധർമധിക്കാരവും മൂലം നശിച്ചുപോയ സമൂഹങ്ങളുടെയും സത്യധർമങ്ങളുടെ പ്രബോധനവും പ്രയോഗവും വഴി അനുഗൃഹീതരായിത്തീർന്ന പ്രവാചകന്മാരുടെയും കഥകളായിരുന്നു ഇതുവരെ പറഞ്ഞത്. സൂറയുടെ പ്രഥമ ഖണ്ഡമാണത്. അതിൽ പ്രകാശിതമാകുന്ന യാഥാർഥ്യങ്ങൾ മുന്നിൽ വെച്ചുകൊണ്ട് അനുവാചകരെ ഏകദൈവത്വത്തിലേക്കും ദൈവം അനുശാസിക്കുന്ന ധർമങ്ങളിലേക്കും ഉത്തരവാദിത്തങ്ങളിലേക്കും ഉണർത്തുന്നതാണ് ദ്വിതീയ ഖണ്ഡം. ഈ ഖണ്ഡങ്ങളെ വേർതിരിക്കുന്ന മനോഹരമായ ഒരു രേഖയും ഒപ്പം തുടർന്നുള്ള പ്രഭാഷണത്തിന്റെ മുഖവുരയുമാണ് ഈ സൂക്തം. സൽക്കാര്യങ്ങളിലേർപ്പെടുമ്പോൾ ഹംദും സ്വലാത്തും ചൊല്ലുന്ന സമ്പ്രദായത്തിന്റെ പ്രമാണമാണിത്. നബി(സ) പ്രഭാഷണങ്ങൾ തുടങ്ങിയിരുന്നത് അല്ലാഹുവിനെ സ്തുതിച്ചുകൊണ്ടായിരുന്നു. അതൊരു മര്യാദയായി ഇന്നുവരെ എല്ലാ ഇസ്‌ലാമിക പ്രഭാഷകരും തുടർന്നുവരുന്നുണ്ട്. قُلْ (നീ പറയുക) എന്ന വാക്ക് മുഹമ്മദ് നബിയെയാണ് സംബോധന ചെയ്യുന്നതെങ്കിലും പ്രവാചകനിലൂടെ എല്ലാ വിശ്വാസികൾക്കും നൽകുന്ന ഉപദേശമാണിത്.

عِبَادِهِ الَّذِينَ اصْطَفَىٰ -യുടെ വാക്കർഥം 'അവൻ നല്ലവരായി തെരഞ്ഞെടുത്തവരായ അവന്റെ ദാസന്മാർ' എന്നാണ്. صفو (നിർമലം, ശുദ്ധം) ആണ് അതിന്റെ മൂലം. ഒരു വസ്തുവിനെ മാലിന്യങ്ങളിൽനിന്നും കോട്ടങ്ങളിൽനിന്നും ശുദ്ധീകരിച്ച് എടുക്കുന്നതും, മാലിന്യങ്ങളിൽനിന്നും കോട്ടങ്ങളിൽനിന്നും മുക്തമായതിനെ തെരഞ്ഞെടുക്കുന്നതും اصطفاء ആണ്. പ്രവാചകന്മാരുൾപ്പെടെ എല്ലാ ശുദ്ധാത്മാക്കളും مصطفين (ഇങ്ങനെ തെരഞ്ഞെടുക്കപ്പെട്ടവരി)ൽ പെടുന്നു. ഇവിടെ ഉദ്ദേശിച്ചിട്ടുള്ളത് മുഖ്യമായും പ്രവാചകന്മാരെയാണെന്നാണ് പൊതുവിൽ മനസ്സിലാക്കപ്പെടുന്നത്. അവരാണല്ലോ ദൈവിക ദൗത്യത്തിനു വേണ്ടി പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ടവർ.

سُبْحَانَ رَبِّكَ رَبِّ الْعِزَّةِ عَمَّا يَصِفُونَ ﴿١٨٠﴾ وَسَلَامٌ عَلَى الْمُرْسَلِينَ ﴿١٨١﴾ وَالْحَمْدُ لِلَّهِ رَبِّ الْعَالَمِينَ ﴿١٨٢﴾

(നിന്റെ പ്രതാപവാനായ നാഥൻ ജനം ആരോപിക്കുന്ന പങ്കാളിത്തത്തിനതീതനായ പരമ പരിശുദ്ധൻ. ദൈവദൂതന്മാർക്ക് സമാധാനം. അഖിലാണ്ഡ വിധാതാവായ അല്ലാഹുവിന് സർവ സ്തുതിയും- 37: 180-182) എന്ന വാക്യം ഈ വ്യാഖ്യാനത്തിന് ഉപോദ്ബലകമായി ചൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്നു.

ഹംദിനും സലാമിനും ശേഷം, മുകളിൽ പറഞ്ഞ സംഭവങ്ങളുടെ യാഥാർഥ്യത്തിന്റെയും തുടർന്നു പറയുന്ന വിഷയത്തിന്റെയും ശീർഷകമെന്ന നിലയിലുള്ളതാണ് آللَّهُ خَيْرٌ...... എന്ന വാക്യം. ഇതൊരു ചോദ്യരൂപത്തിൽ അവതരിപ്പിച്ചിരിക്കുന്നത് അന്വേഷണാർഥമല്ല; മുകളിലും താഴെയും പറയുന്ന കാര്യങ്ങളെ മുന്നിൽ വെച്ച് സ്വയം ചിന്തിച്ചുനോക്കാനുള്ള ആഹ്വാനമായിട്ടാണ്. അങ്ങനെ ചിന്തിച്ചാൽ നിങ്ങൾ പൂജിച്ചുകൊണ്ടിരിക്കുന്ന കപട ദൈവങ്ങളല്ല, സൃഷ്ടിസ്ഥിതിസംഹാരങ്ങൾക്കുടയവനായ സാക്ഷാൽ ഏകദൈവമാണ് ഖൈർ എന്ന് ബോധ്യപ്പെടുമെന്നത് നിസ്സംശയമാണ്. നന്മയുടെ എല്ലാ ആശയങ്ങളും ഉൾക്കൊള്ളുന്ന പദമാണ് خير. സത്യമായതും നന്മയായതും ശ്രേഷ്ഠമായതും പ്രയോജനകരമായതും എന്നാണ് ഇവിടെ വിവക്ഷ. സൂക്തസാരമിതാണ്: പ്രവാചകനെയും അദ്ദേഹം ഓതുന്ന വേദത്തെയും തള്ളിപ്പറയുന്നവരെ ഉദ്ബോധിപ്പിക്കുക. മുകളിൽ കേൾപ്പിച്ച സംഭവങ്ങളിൽ അല്ലാഹുവിന്റെ നിഷ്കൃഷ്ടമായ നീതിയും അപാരമായ കാരുണ്യവും തെളിഞ്ഞുകാണാം. സത്യപ്രബോധനത്തിനും ജനസേവനത്തിനുമായി അവൻ തെരഞ്ഞെടുത്ത് നിയോഗിച്ച ദൈവദാസന്മാർക്ക് അവങ്കൽനിന്ന് സമാധാനവും ആത്യന്തിക വിജയവും ലഭിക്കുക തന്നെ ചെയ്യും. രക്ഷാശിക്ഷകൾക്കും സൃഷ്ടിസ്ഥിതിസംഹാരങ്ങൾക്കും അധിപനായ സാക്ഷാൽ ദൈവം മാത്രമാണ് സൃഷ്ടികളുടെ ആരാധനക്കും സ്തുതികീർത്തനങ്ങൾക്കും നന്ദിക്കുമെല്ലാം അർഹതയും അവകാശവുമുള്ളവൻ എന്ന സത്യം മേൽപ്പറഞ്ഞ കാര്യങ്ങളിൽ പകൽ വെളിച്ചം പോലെ തെളിഞ്ഞുകാണാം. ■

---

أَمَّنْ خَلَقَ السَّمَاوَاتِ وَالْأَرْضَ وَأَنزَلَ لَكُم مِّنَ السَّمَاءِ مَاءً فَأَنبَتْنَا بِهِ حَدَائِقَ ذَاتَ بَهْجَةٍ مَّا كَانَ لَكُمْ أَن تُنبِتُوا شَجَرَهَا ۗ أَإِلَٰهٌ مَّعَ اللَّهِ ۚ بَلْ هُمْ قَوْمٌ يَعْدِلُونَ ﴿٦٠﴾

60. പറയൂ, വാനഭുവനങ്ങൾ സൃഷ്ടിച്ചതും മാനത്തുനിന്ന് നിങ്ങൾക്ക് ജലമിറക്കിത്തന്നതും ആരാകുന്നു? അതുവഴി നാം ശബളാഭമായ തോട്ടങ്ങൾ വളർത്തിത്തന്നു. അതിലെ ചെടികൾ മുളപ്പിക്കുക നിങ്ങളുടെ കഴിവിൽ പെട്ടതായിരുന്നില്ല. ഈ സൃഷ്ടിപ്രക്രിയയിൽ അല്ലാഹുവിനോടൊപ്പം മറ്റേതെങ്കിലും ദൈവമുണ്ടോ? പക്ഷേ, അവർ യാഥാർഥ്യത്തിൽനിന്നു വ്യതിചലിക്കുന്ന ജനമാകുന്നു.

60

أَمَّنْ خَلَقَ السَّمَاوَاتِ وَالْأَرْضَ = (പറയൂ) വാനഭുവനങ്ങളെ സൃഷ്ടിച്ചത്(തും) ആരാകുന്നു
وَأَنزَلَ لَكُم مِّنَ السَّمَاءِ مَاءً = മാനത്തുനിന്ന് നിങ്ങൾക്കു ജലമിറക്കിത്തന്നതും ആരാകുന്നു
فَأَنبَتْنَا بِهِ = അതു(വഴി) കൊണ്ട് നാം മുളപ്പിച്ചു (വളർത്തിത്തന്നു) حَدَائِقَ = തോട്ടങ്ങൾ
ذَاتَ بَهْجَةٍ = പകിട്ടുടയതായ (ശബളാഭമായ) مَّا كَانَ لَكُمْ = നിങ്ങൾക്ക് ഉണ്ടായില്ല (കഴിവിൽ പെട്ടതല്ല)
أَن تُنبِتُوا = നിങ്ങൾ മുളപ്പിക്കുക شَجَرَهَا = അതി(ലെ)ന്റെ ചെടി(കൾ)
أَإِلَٰهٌ مَّعَ اللَّهِ = (ഈ സൃഷ്ടിപ്രക്രിയയിൽ) അല്ലാഹുവിനോടൊപ്പം മറ്റേതെങ്കിലും ദൈവം ഉണ്ടോ?
بَلْ هُمْ = പക്ഷേ, അവർ قَوْمٌ يَعْدِلُونَ = (യാഥാർഥ്യത്തിൽനിന്നു) വ്യതിചലിക്കുന്ന ജനമാകുന്നു

തുടർന്നു ചോദ്യരൂപത്തിൽ തന്നെ പ്രപഞ്ചത്തിൽ കാണപ്പെടുന്ന ഏകദൈവത്വത്തിന്റെ ദൃഷ്ടാന്തങ്ങളിലേക്ക് അനുവാചകരുടെ ചിന്തയെ തട്ടിയുണർത്തുകയാണ്. أَمَّنْ خَلَقَ السَّمَاوَاتِ എന്ന് തുടങ്ങുന്നതിനു മുമ്പ് നിങ്ങൾ പൂജിക്കുന്ന വ്യാജ ദൈവങ്ങളാണോ ഖൈർ എന്ന ആശയത്തിലുള്ള ഒരു വാക്ക് അനുക്തമായിരിക്കുന്നു. ഒന്നും സൃഷ്ടിക്കാത്ത വ്യാജ ദൈവങ്ങളാണോ ഖൈർ, അതല്ല പ്രപഞ്ചത്തെ സൃഷ്ടിച്ച് പരിപാലിക്കുന്ന ദൈവമാണോ ഖൈർ? അല്ലെങ്കിൽ നിങ്ങൾ പൂജിക്കുന്ന ദൈവങ്ങളിൽ ആർക്കെങ്കിലും സൃഷ്ടിസ്ഥിതിസംഹാരങ്ങളിൽ പങ്കുണ്ടോ? ഇല്ലെന്ന് നിങ്ങളുടെ നേർബുദ്ധി നിങ്ങളോട് പറയുന്നു. പക്ഷേ നിങ്ങൾ സ്വന്തം ബുദ്ധി ഉപദേശിച്ചുതരുന്ന സത്യത്തിൽനിന്ന് സ്വയം വ്യതിചലിച്ചു നടക്കുകയാണ്. പ്രപഞ്ചസൃഷ്ടിയും മഴയിറക്കലും പ്രഥമ പുരുഷ വചനത്തിൽ പറഞ്ഞപ്പോൾ സസ്യലതാദികൾ മുളപ്പിക്കുന്നതിനെ ഉത്തമ പുരുഷ വചനത്തിൽ പറഞ്ഞിരിക്കുന്നു. ഇതിന് രണ്ട് ന്യായങ്ങൾ ഉന്നയിക്കപ്പെട്ടിരിക്കുന്നു. ഒന്ന്, മനുഷ്യനുൾപ്പെടെയുള്ള ജീവജാലങ്ങളുടെ വാഴ്‌വിനുവേണ്ടി, അല്ലാഹു പ്രത്യേകമായി ചെയ്ത ഔദാര്യമാണ് സസ്യലതാദികൾ എന്ന് സൂചിപ്പിക്കാൻ. രണ്ട്, വിളകൾ മനുഷ്യർ കൃഷി ചെയ്തുണ്ടാക്കുന്നുണ്ട്. മനുഷ്യൻ നിലമൊരുക്കി വിത്തിട്ട് വളം നൽകി ജലസേചനം ചെയ്താണല്ലോ വിളയുൽപാദിപ്പിക്കുന്നത്. അതുകൊണ്ട് കൃഷിയുടെ കർതൃത്വം തനിക്കാണെന്ന് മനുഷ്യൻ തെറ്റിദ്ധരിക്കേണ്ട. ഈ തെറ്റിദ്ധാരണയെക്കുറിച്ച് 56: 63-65-ൽ പറയുന്നു:

أَفَرَأَيْتُم مَّا تَحْرُثُونَ ﴿٦٣﴾ أَأَنتُمْ تَزْرَعُونَهُ أَمْ نَحْنُ الزَّارِعُونَ ﴿٦٤﴾
لَوْ نَشَاءُ لَجَعَلْنَاهُ حُطَامًا

(നിങ്ങൾ ചിന്തിച്ചുവോ; നിങ്ങൾ വിതക്കുന്നതിനെക്കുറിച്ച്. നിങ്ങളാണോ അത് കൃഷി ചെയ്യുന്നത്, അതോ നാമാണോ? നാം ഉദ്ദേശിച്ചുവെങ്കിൽ അതിനെ കേവലം ചണ്ടിയാക്കാം). മനുഷ്യന്റെ ഒരിടപെടലുമില്ലാതെയാണ് ഭൂമിയിൽ അധിക സസ്യലതാദികളും മുളച്ചുവരുന്നത്. ഇനി മനുഷ്യൻ കൃഷി ചെയ്ത് വിളയിക്കുന്നതിന്റെ കാര്യമാകട്ടെ, അതിനുള്ള മണ്ണും വളവും വെള്ളവും വിത്തുമൊക്കെ അല്ലാഹു ഒരുക്കിത്തന്നതാണ്. സർവോപരി ഈ ഘടകങ്ങൾ നിശ്ചിത രീതിയിൽ കൂട്ടിയിണക്കിയാൽ സസ്യങ്ങൾ മുളച്ചുവരുകയും കായ്ച്ചു വിളയുകയും ചെയ്യണമെന്ന പ്രകൃതി നിയമം നിർമിച്ചു നടപ്പിലാക്കുന്നതും അല്ലാഹുവാണ്. അതിനാൽ കാർഷികോൽപന്നങ്ങൾ തങ്ങൾ സൃഷ്ടിക്കുന്നതാണെന്ന് കർഷകർ അഹങ്കരിക്കേണ്ട. പ്രപഞ്ച സൃഷ്ടിയും ജീവജാലങ്ങളുടെ നിലനിൽപിന്റെ ഉപാധികളും പൂർണമായി കൈകാര്യം ചെയ്യുന്നത് അല്ലാഹു-സാക്ഷാൽ ദൈവം- പരമേശ്വരൻ മാത്രമാണെന്ന് നിങ്ങൾ നിസ്സങ്കോചം സമ്മതിക്കുന്നു. എങ്കിൽ അവൻ മാത്രമാണ് നിങ്ങളുടെ ആരാധനക്കർഹനെന്നും അവന്റെ മാത്രം ധർമശാസനകളാണ് അനുസരിക്കേണ്ടതെന്നും സ്വയം സ്പഷ്ടമാക്കുന്നു. പക്ഷേ ഈ ന്യായവും നീതിയും വെടിഞ്ഞ് അല്ലാഹുവല്ലാത്തവരെ ദൈവങ്ങളായി വരിച്ച് ആരാധനയും അനുസരണയും അവർക്കർപ്പിക്കുകയാണ് നിങ്ങൾ.

يَعْدِلُونَ -ന്റെ അർഥം സൂറത്ത് *അൽഅൻആം* 1-ാം സൂക്തത്തിനു താഴെ *ഖുർആൻ ബോധനം* വ്യക്തമാക്കിയിട്ടുണ്ട്. ഇവിടെ يَعْدِلُونَ-ന്റെ അനുക്തമായ കർമം بِرَبِّهِمْ എന്നാവാം, عَن رَبِّهِمْ എന്നുമാവാം. بِرَبِّهِمْ ആകുമ്പോൾ അവരുടെ വിധാതാവ് അല്ലാത്തവരെ വിധാതാവിനു തുല്യമാക്കുന്നു എന്നാണർഥം. عَن رَبِّهِمْ എന്നാകുമ്പോൾ അവരുടെ നാഥനിൽനിന്ന് വ്യതിചലിക്കുന്നു, നാഥനെ ഉപേക്ഷിക്കുന്നു. നേരത്തേ പലവട്ടം വ്യക്തമാക്കിയിട്ടുള്ള ഒരു കാര്യം ഇവിടെയും അനുസ്മരണീയമാകുന്നു. ഖുർആന്റെ ആദ്യ അഭിസംബോധിതരായിരുന്ന അറേബ്യൻ ബഹുദൈവാരാധകർ തങ്ങൾ ആരാധിക്കുന്ന ദൈവങ്ങൾക്കെല്ലാം മീതെ ഒരു പരമേശ്വരനുണ്ടെന്നും അവൻ ഏകനാണെന്നും വിശ്വസിച്ചിരുന്നവരാണ്. ആ ദൈവത്തിനു താഴെ തങ്ങളുടെ ആരാധനകൾ സ്വീകരിക്കുകയും പ്രാർഥനകൾ കേൾക്കുകയും ആവശ്യങ്ങൾ നിവർത്തിച്ചുതരികയും ചെയ്യുന്ന ധാരാളം ഉപദൈവങ്ങളുണ്ട്. തങ്ങൾ ആരാധിക്കേണ്ടതും അനുസരിക്കേണ്ടതും പ്രാർഥിക്കേണ്ടതും ആ ഉപദൈവങ്ങളെയാണ്. ഇതായിരുന്നു അവരുടെ മാർഗഭ്രംശം. അതിനെയാണ് ഖുർആൻ രൂക്ഷമായി വിമർശിക്കുന്നത്. ■

---

أَمَّن جَعَلَ الْأَرْضَ قَرَارًا وَجَعَلَ خِلَالَهَا أَنْهَارًا وَجَعَلَ
لَهَا رَوَاسِيَ وَجَعَلَ بَيْنَ الْبَحْرَيْنِ حَاجِزًا ۗ أَإِلَٰهٌ مَّعَ اللَّهِ ۚ
بَلْ أَكْثَرُهُمْ لَا يَعْلَمُونَ ﴿٦١﴾

61. ഭൂമിയെ വാസയോഗ്യമാക്കിയതും അതിൽ അങ്ങിങ്ങ് നദികളൊഴുക്കിയതും അതിന് പർവതങ്ങളുറപ്പിച്ചതും രണ്ടു ജലശേഖരങ്ങൾക്കിടയിൽ വിലക്കുണ്ടാക്കിയതും ആരാകുന്നു? അതിൽ അല്ലാഹുവിനോടൊപ്പം മറ്റേതെങ്കിലും ദൈവത്തിനു പങ്കുണ്ടോ? പക്ഷേ അധിക ജനവും അറിവില്ലാത്തവരാകുന്നു.

**61**

ഭൂമിയെ സ്ഥിരത, സ്വസ്ഥതയുള്ളതാക്കിയവൻ (വാസയോഗ്യമാക്കിയതും) = أَمَّن جَعَلَ الْأَرْضَ قَرَارًا
അതിന്റെ ഇടകളിൽ, വിടവുകളിൽ ആക്കിയതും (അങ്ങിങ്ങ് ഒഴുക്കിയതും) = وَجَعَلَ خِلَالَهَا
അതിന് പർവതങ്ങളെ ആക്കിയതും (ഉറപ്പിച്ചതും) = وَجَعَلَ لَهَا رَوَاسِيَ നദികൾ = أَنْهَارًا
രണ്ടു സമുദ്രങ്ങൾക്ക് (ജലശേഖരങ്ങൾക്ക്) ഇടയിൽ ഉണ്ടാക്കിയവനും(യതും) ആരാകുന്നു = وَجَعَلَ بَيْنَ الْبَحْرَيْنِ
(അതിൽ) അല്ലാഹുവിനോടൊപ്പം (മറ്റേതെങ്കിലും) ദൈവം (വത്തിന് പങ്ക്) ഉണ്ടോ = أَإِلَٰهٌ مَّعَ اللَّهِ വിലക്ക്, തടസ്സം = حَاجِزًا
പക്ഷേ അവരിലധികവും (അധിക ജനവും) അറിയാത്തവരാകുന്നു = بَلْ أَكْثَرُهُمْ لَا يَعْلَمُونَ

മുൻ സൂക്തത്തിലെന്നപോലെ ഈ സൂക്തത്തിലും ആദ്യഭാഗം അനുക്തമാണ്. അതായത് നിങ്ങളുടെ സങ്കൽപത്തിൽ മാത്രമുള്ളതും ഉപകാരമോ അപകാരമോ ചെയ്യാനാവാത്തതുമായ ദേവീദേവന്മാരാണോ ആരാധനാർഹൻ അതോ ഈ ഭൂമിയെ വാസയോഗ്യമാക്കിത്തന്ന ഏകദൈവമോ എന്നാണ് ചോദ്യം. قَرَارًا -ന് സ്വസ്ഥത എന്നും സ്വസ്ഥമായി വസിക്കാനുള്ള ഇടം എന്നും അർഥമുണ്ട്. രണ്ടാമത്തേതാണ് ഇവിടെ ഉദ്ദേശ്യം. 20:53-ലും 43:10-ലും جَعَلَ لَكُمُ الْأَرْضَ مَهْدًا (ഭൂമിയെ നിങ്ങൾക്ക് തൊട്ടിലാക്കിത്തന്നു) എന്നും 2:22-ൽ جَعَلَ لَكُمُ الْأَرْضَ فِرَاشًا (ഭൂമിയെ നിങ്ങൾക്ക് മെത്തയാക്കിത്തന്നു) എന്നും 71:19-ൽ جَعَلَ لَكُمُ الْأَرْضَ بِسَاطًا (ഭൂമിയെ നിങ്ങൾക്ക് പരവതാനിയാക്കിത്തന്നു) എന്നും പറഞ്ഞിട്ടുള്ളതിനു സമാനമാണിത്. രണ്ട് സമുദ്രം എന്ന് പറഞ്ഞത് ശുദ്ധജല ശേഖരത്തെയും ലവണജല ശേഖരത്തെയും ഉദ്ദേശിച്ചാണ്. ഉപ്പുവെള്ളം നിറഞ്ഞ സമുദ്രങ്ങളും കായലുകളുമാണ് ഒരു സമുദ്രം. ശുദ്ധജല തടാകങ്ങളും നദികളുമാണ് മറ്റേ സമുദ്രം. രണ്ടും തമ്മിൽ കൂടിച്ചേർന്ന് നശിക്കാതെ കാത്തുസൂക്ഷിക്കുന്നത് അല്ലാഹുവാണ്. ശുദ്ധജല നദികളെല്ലാം ചെന്നു ചേരുന്നത് കടുത്ത ലവണരസമുള്ള കടൽ ജലത്തിലാണ്. പക്ഷേ, ഉപ്പുരസം നദീജലത്തിലേക്ക് കയറിവരുന്നില്ല. നദീജലം സമുദ്രവിതാനത്തിനു മുകളിൽനിന്ന് താഴേക്ക് ഒഴുകുന്നതുകൊണ്ടാണെന്ന് പറയാം. പക്ഷേ ഭൂഗർഭജലം അധികവും സമുദ്ര വിതാനത്തിനു താഴെയാണ്. എന്നിട്ടും അവ തമ്മിൽ കൂടിക്കലരുന്നില്ല.

وَهُوَ الَّذِي مَرَجَ الْبَحْرَيْنِ هَٰذَا عَذْبٌ فُرَاتٌ وَهَٰذَا مِلْحٌ أُجَاجٌ
وَجَعَلَ بَيْنَهُمَا بَرْزَخًا وَحِجْرًا مَّحْجُورًا

(രണ്ട് സമുദ്രങ്ങൾ ഒഴുക്കിയതവനാകുന്നു. ഒന്ന് സ്വാദിഷ്ടമായ കുടിനീർ. മറ്റേത് ചവർപ്പുറ്റ ഉപ്പു വെള്ളവും. രണ്ടിനുമിടയിൽ അവൻ വിടവുണ്ടാക്കുകയും കനത്ത വിലക്കേർപ്പെടുത്തുകയും ചെയ്തിരിക്കുന്നു). ഭൂമിയുടെ മുക്കാൽ ഭാഗവും സമുദ്രമാണ്. സമുദ്രത്തിന്റെ ഈ വൈപുല്യം ഒരു വശത്ത് നീരാവി വർധിപ്പിച്ച് മഴ സുലഭമാക്കുമ്പോൾ മറുവശത്ത് ഭൂമിയെയും ജലത്തെയും ശുദ്ധീകരിക്കുകയും ചെയ്യുന്നു. കടലിലെത്തുന്ന മാലിന്യങ്ങൾ പെട്ടെന്ന് അഴുകി ജലത്തെ മലിനവും ദുർഗന്ധപൂരിതവുമാക്കുന്നില്ല. മാലിന്യങ്ങളെ അത് സാവകാശം ശുദ്ധീകരിച്ചു തന്നിൽ ലയിപ്പിക്കുന്നു. ശുദ്ധ ജലമെന്ന പോലെ ലവണ ജലവും ഭൂമിക്കടിയിൽ അതിനു നിശ്ചയിച്ച സ്ഥലങ്ങളിൽ അരിച്ചിറങ്ങി നടക്കുന്നുണ്ട്. മറ്റു ഭൗമ ഘടകങ്ങളുമായി ചേർന്നു പ്രവർത്തിച്ച് ഇരുമ്പ്, മാംഗനീസ് തുടങ്ങിയ ലോഹ പദാർഥങ്ങളും മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയ ശിലകളും ഉണ്ടാകുന്നു.

സമുദ്രമെന്ന പോലെ ഭൂമിയിൽ അവിടവിടെ മലകൾ സ്ഥാപിച്ചതിലും അനേകം പ്രയോജനങ്ങളുണ്ട്. മഴ പെയ്യിക്കുന്നതിൽ മലകൾക്കുള്ള പങ്ക് ഇന്ന് എല്ലാവർക്കുമറിയാം. മലകൾ സ്വയം തന്നെ ജലസംഭരണികളാകുന്നു. ആ മലകളിൽനിന്നുത്ഭവിക്കുന്ന നദികൾ സമതലങ്ങളിലേക്ക് സദാ വെള്ളം ചുരത്തിക്കൊണ്ടിരിക്കുന്നു. അതാണ് നമ്മുടെ കിണറുകളെയും കുളങ്ങളെയും കൃഷിയിടങ്ങളെയും വർഷം മുഴുവൻ ജലസമൃദ്ധമാകുന്നത്. മലകളിൽ വളരുന്ന വൃക്ഷലതാദികളുടെ ഇലകളും മറ്റും മണ്ണിൽ വീണ് നശിച്ച് രൂപപ്പെടുന്ന പശിമയാർന്ന എക്കൽമണ്ണ് നദീതടങ്ങളിലെത്തിക്കുന്നു. അങ്ങനെ അവ വെള്ളത്തോടൊപ്പം വളവും കൃഷിയിടങ്ങൾക്കെത്തിക്കുന്നു. 41:10-ൽ ഖുർആൻ പറയുന്നു: وَجَعَلَ فِيهَا رَوَاسِيَ مِن فَوْقِهَا وَبَارَكَ فِيهَا وَقَدَّرَ فِيهَا أَقْوَاتَهَا (ഭൂമിയിൽ അവൻ പർവതങ്ങളുറപ്പിച്ചു. അതിൽ അനുഗ്രഹങ്ങൾ നിക്ഷേപിച്ചു, ആഹാര വിഭവങ്ങൾ കണക്കാക്കി വെച്ചു). വനനശീകരണത്തിലൂടെയും അമിതമായ കരിങ്കൽ ക്വാറികളിലൂടെയും മനുഷ്യൻ അല്ലാഹു ഒരുക്കിത്തന്ന ഈ പ്രകൃതി സംവിധാനം താറുമാറാക്കിക്കൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ കാലാവസ്ഥാ വ്യതിയാനത്തിനും മഴ കുറഞ്ഞുവരുന്നതിനും മുഖ്യ കാരണങ്ങൾ പശ്ചിമഘട്ട മലനിരകളിലെ നശീകരണ പ്രവർത്തനങ്ങളാണെന്ന് ശാസ്ത്രജ്ഞന്മാർ പറയുന്നു. മലകളെ കുറിക്കുന്ന راسية -ന് ഉറച്ചുനിൽക്കുന്ന നങ്കൂരം, ആണി എന്നും അർഥമുണ്ട്. ഖുർആൻ മലയെക്കുറിച്ച് رواسى എന്നു പറയുമ്പോൾ അതിൽ ഭൂമിയെ ഉലയാതെ ഉറപ്പിച്ചു നിർത്തുന്ന ആണി എന്ന ആശയം കൂടിയുണ്ട്. 16:15, 31:10 സൂക്തങ്ങളിൽ وَأَلْقَىٰ فِي الْأَرْضِ رَوَاسِيَ أَن تَمِيدَ بِكُمْ (ഭൂമിയിൽ അവൻ പർവതങ്ങളുറപ്പിച്ചു; നിങ്ങളെയും കൊണ്ട് അത് ഉലയാതിരിക്കാൻ) എന്ന് പ്രസ്താവിച്ചിരിക്കുന്നു. മലകൾ അമിതമായി തുരക്കുന്നതും ഇടിച്ചുനിരത്തുന്നതും ഭൂപ്രകൃതിയുടെ സന്തുലനം നഷ്ടപ്പെടാനും ഭൂകമ്പങ്ങൾക്കും കാരണമാകുമെന്ന് ഭൗമശാസ്ത്രവും കണ്ടെത്തിയിരിക്കുന്നു. പക്ഷേ അധിക മനുഷ്യരും ഇതൊന്നും ചിന്തിക്കുന്നില്ല, അറിയുന്നില്ല. بَلْ أَكْثَرُهُمْ لَا يَعْلَمُونَ എന്ന വാക്യത്തിൽ അത്തരക്കാരോടുള്ള പരിതാപത്തിന്റെ ധ്വനിയുണ്ട്. ■